LIBRARY ARCHIVES Kerala Legislative Assembly

കശുവണ്ടി വികസന കോർപ്പറേഷൻ :

2001–02	–	23 ദിവസം
2002–03	–	ഇല്ല
2003–04	–	18 ദിവസം
2004–05	–	80 ദിവസം
2005–06	–	175 ദിവസം (31-12-2005 വരെ)

കാപ്പെക്സ് :

2000–01	–	17 ദിവസം
2001–02	–	ഇല്ല
2002–03	–	31 ദിവസം
2003–04	–	44 ദിവസം
2004–05	–	175 ദിവസം
2005–06	–	144 ദിവസം

(ബി) കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിനും തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിലേക്കുമായി സാമ്പത്തിക പ്രതിസന്ധിയിലായ കോർപ്പറേഷന്റെ ബാങ്കു ബാദ്ധ്യതയായ 107.57 കോടി രൂപ പലിശ സഹിതം 5 വാർഷികം ഗഡുക്കളായി നൽകാൻ സർക്കാർ തലത്തിൽ തീരുമാനിക്കുകയും ഇതിനെത്തുടർന്ന് ബാങ്കുകളിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കി ഫാക്ടറികൾ തുറന്ന് തുടർച്ചയായി ജോലി നൽകിവരികയാണ്. ബാങ്കുകൾക്ക് നൽകാനുള്ള തുകയിൽ ഇതിനകം രണ്ടു ഗഡു നൽകിക്കഴിഞ്ഞിട്ടുണ്ട്. കാപ്പെക്സിന് പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനായി ഗവൺമെന്റ് ഗ്യാരണ്ടി പുതുക്കി നൽകിയിട്ടുണ്ട്.

(സി) കശുവണ്ടി തൊഴിൽ മംഗത്ത് സർക്കാർ ഇടപെടലിന്റെ ഭാഗമായി തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഈ നില മെച്ചപ്പെടുത്താൻ ശ്രമിക്കുന്നതാണ്. നിരന്തരമായ എല്ലാ ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് നൽകിയാണ് കാഷ്യു കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾ പ്രവർത്തിക്കുന്നത്.

അംഗീകൃത ശില്പികൾക്ക് ചന്ദനത്തടി വിതരണം

27 (181) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കരകൗശല ശില്പങ്ങൾ നിർമ്മിക്കുന്ന എത്രപേരുണ്ട്; ഇവർക്ക് ആവശ്യമായ ചന്ദനത്തടി നൽകി വരുന്നുണ്ടോ ;

(ബി) ഇവർക്ക് ചന്ദനത്തടി ലഭിക്കാത്തതുകൊണ്ട് കുമ്പിൾതടിയിൽ ചെയ്യുന്ന ശില്പങ്ങൾക്ക് വളരെ കുറഞ്ഞ വിലയാണോ കിട്ടി വരുന്നത്; അംഗീകൃത ശില്പികൾക്ക് ചന്ദനം വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കരകൗശല ശില്പങ്ങൾ നിർമ്മിക്കുന്ന ഏകദേശം 40,000 തൊഴിലാളികളുണ്ട്. ഇതിൽ 10,000-ലധികം പേർ തടികൊണ്ടുള്ള കരകൗശല ശില്പങ്ങൾ നിർമ്മിക്കുന്നുണ്ട്. ഇവരിൽ ചന്ദനത്തടിയിൽ ശില്പങ്ങൾ തീർത്ത് കരകൗശല വികസന കോർപ്പറേഷന് നൽകുന്നവരും വ്യവസായ വകുപ്പിന്റെ തിരിച്ചറിയൽ കാർഡുള്ളവരുമായ കരകൗശല തൊഴിലാളികൾക്ക് ലഭ്യതയനുസരിച്ച് ചന്ദനത്തടി നൽകി വരുന്നുണ്ട്.

(ബി) കുമ്പിൾത്തടിക്ക് ചന്ദനത്തടിയേക്കാൾ വില കുറവായതു കൊണ്ടാണ് കുമ്പിൾ തടിയിൽ തീർത്ത ശില്പങ്ങൾക്ക് കുറഞ്ഞ വില ലഭിക്കുന്നത്. കോർപ്പറേഷന് ശില്പങ്ങൾ നൽകുന്ന അംഗീകൃത ശില്പികൾക്ക് കോർപ്പറേഷൻ ഇപ്പോൾ തന്നെ ലഭ്യതയനുസരിച്ച് ചന്ദനത്തടി നൽകിവരുന്നുണ്ട്.

ചൈൽഡ് വെൽഫെയർ കമ്മിറ്റികളും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും രൂപീകരിക്കുന്നതിന് നടപടി

28 (182) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജുവനൈൽ ജസ്റ്റിസ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികളും ജുവനൈൽ ജസ്റ്റീസ് ബോർഡുകളും രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഏതൊക്കെ ജില്ലകളിലാണ് സമിതികൾ രൂപീകരിച്ചിട്ടുള്ളത് ;

(സി) സമിതികൾ രൂപീകരിച്ചിട്ടില്ലാത്ത ജില്ലകളിൽ അവ രൂപീകരിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ജെ. ജെ. ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്.

(സി) സമിതികൾ രൂപീകരിക്കുന്നതിനുവേണ്ടി ലഭിച്ച പാനലുകൾ സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ ചില അപാകതകൾ കണ്ടെത്തിയതിനാലാണ് അവയുടെ രൂപീകരണം വൈകുന്നത്. അപാകതകൾ പരിഹരിച്ചു ബാക്കിയുള്ള ജില്ലകളിൽ കൂടി സമിതികൾ രൂപീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly